File No.FWLD-D1/355/2019-FWLD

## പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2721 06.11.2019 ന് മറുപടിയ്ക്ക്.

<u>താൽക്കാലിക ഫോറസ്റ്റ് വാച്ചർമാരുടെ സേവനവും വേതനവും</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ : | | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഫോറസ്റ്റ് വാച്ചർമാരുടെ സേവനം വനവിസ്തൃതിക്ക് ആനുപാതികമായി ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര ഫോറസ്റ്റ് വാച്ചർമാരുടെ കുറവാണ് ഇപ്പോഴുള്ളത്; അറിയിക്കുമോ; | (എ) | വനം വകുപ്പിൽ ഫോറസ്റ്റ് വാച്ചർമാരുടെ സേവനം വനവിസ്തൃതിക്ക് ആനുപാതികമായി കണക്കാക്കിയിട്ടില്ല. |
| (ബി) | ആവശ്യമായത്ര ഫോറസ്റ്റ് വാച്ചർമാരുടെ സേവനം ഉറപ്പ് വരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | നിലവിൽ ലഭ്യമായ സർക്കാർ ഫണ്ട് പ്രകാരം അംഗീകരിച്ച വാർഷിക പദ്ധതിയ്ക്ക് അനുസൃതമായി എൻ.എം.ആർ. വ്യവസ്ഥയിൽ തദ്ദേശീയരായ ആളുകളെ ദിവസവേതന അടിസ്ഥാനത്തിൽ നിയോഗിച്ചു വരുന്നുണ്ട്. |
| (സി) | ഫോറസ്റ്റ് വാച്ചർമാർ ഉൾപ്പെടെയുള്ള താത്കാലിക ജീവനക്കാർക്ക് നമ്പർ 394/ഇ1/2017/തൊഴിൽ വിജ്ഞാപനത്തിന് അനുസൃതമായി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി നൽകി വരുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഫോറസ്റ്റ് വാച്ചർമാർ ഉൾപ്പെടെയുള്ള താൽക്കാലിക ജീവനക്കാർക്ക് നമ്പർ 394/ഇ/2017/തൊഴിൽ വിജ്ഞാപനത്തിന് അനുസൃതമായി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി നൽകുന്നുണ്ട്. |
| (ഡി) | ഇക്കാര്യത്തിൽ പോരായ്മകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | ഇക്കാര്യത്തിൽ പോരായ്മകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ